# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **706** **10.02.2016**-ൽ മറുപടി നൽകേണ്ടിയിരുന്നത്

**'ഇ-ഹെൽത്ത് പദ്ധതി'**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇ-ഹെൽത്ത് പദ്ധതിക്ക് കേന്ദ്ര സഹായം പ്രഖ്യാപിച്ചിട്ട് വർഷങ്ങൾ എത്ര പിന്നിട്ടു; സംസ്ഥാനത്ത് കേന്ദ്ര സഹായം നേടിക്കൊണ്ട് പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിലുണ്ടായ കാലവിളംബത്തിന്റെ കാരണം വെളിപ്പെടുത്താമോ; | (എ) | 26/2/2013 ലെ ഉത്തരവ് വഴിയാണ് പദ്ധതിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചത്. ഇ-ഹെൽത്ത് പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിന്റെ ഒന്നാം ഗഡുവായ 43.34725 കോടി രൂപ 14/3/2013 ന് ലഭിച്ചു. ഈ പദ്ധതിയുടെ സോഫ്റ്റ് വെയർ നിർമ്മാണത്തിന് M/s Hawlett-Packard Enterprises India Pvt. Ltd.-മായി 01/10/14 ന് കരാർ ഒപ്പ് വച്ചു. സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാന മോഡ്യൂളുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ പ്രാഥമികമായി തയ്യാറാക്കിയെങ്കിലും വൈവിധ്യവും, സങ്കീർണതകൾ നിറഞ്ഞതുമായ 23 മോഡ്യൂളുകൾ, ബന്ധപ്പെട്ട എല്ലാ യൂസർ ഗ്രൂപ്പുകളുമായി ചേർന്ന് പരിശോധനകൾ നടത്തി അവർ കണ്ടെത്തുന്ന ചെറുതും വലുതുമായ പോരായ്മകൾ പരിഹരിച്ചതിനു ശേഷമാണ് സോഫ്റ്റ്‌വെയർ ഇൻറഗ്രേഷൻ നടക്കേണ്ടത്. യൂസർ ഗ്രൂപ്പുകൾ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ പോരായ്മകൾ പ്രൈമറി സിസ്റ്റം ഇൻറഗ്രേറ്ററിൽ നിന്നും പരിഹരിച്ച് കിട്ടുന്നതിലുണ്ടായിട്ടുള്ള കാലതാമസമാണ് പദ്ധതിയുടെ നടത്തിപ്പിൽ 4 മാസത്തെ കാലവിളംബം ഉണ്ടാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് M/s Hawlett-Packard Enterprises India Pvt. Ltd. മായി കരാർ ഒപ്പുവച്ചു. 7 ജില്ലകളിൽ സർവ്വെ പൂർത്തിയാക്കി. പദ്ധതിയുടെ പൈലറ്റ് ഇംപ്ലിമെന്റേഷന് തിരുവനന്തപുരം ജില്ലയിലെ വിവിധ തലത്തിലുള്ള 13 സ്ഥാപനങ്ങൾ തെരഞ്ഞെടുത്തു. ആദ്യഘട്ടത്തിൽ പൈലറ്റ് ഇംപ്ലിമെന്റേഷൻ നടക്കുന്ന സ്ഥാപനങ്ങളിൽ നെറ്റ്‌വർക്ക് വയറിംഗ് കെൽട്രോൺ പൂർത്തീകരിച്ചു. ഫൈബർ ഒപ്ടിക് കണക്ഷൻ പ്രൈമറി ഹെൽത്ത് സെന്റർ വേളിയിലേയ്ക്ക് 26-10-15 തീയതി ബി.എസ്.എൻ.എൽ -ന് വർക്ക് ഓർഡർ കൊടുത്തു. പ്രൈമെറി ഹെൽത്ത് സെന്റർ വേളിയിലെ ഹാർഡ്‌വെയറിന് വേ ണ്ടി 23/11/2015 ന് കെൽട്രോണിന് വർക്ക് ഓർഡർ നൽകി. മറ്റു സ്ഥാപനങ്ങളിലെ ഹാർഡ്‌വെയറിന്റെ സ്പെസിഫിക്കേഷൻ പരിശോധന ടെക്നിക്കൽ കമ്മിറ്റി പൂർത്തിയാക്കി വർക്ക് ഓർഡർ തയ്യാറായി വരുന്നു. സോഫ്റ്റ്‌വെയറിന്റെ അക്സപ്റ്റൻസ് ടെസ്റ്റിംഗ്, ആഡിറ്റിംഗ്, സർട്ടിഫിക്കേഷൻ എന്നിവയിലേയ്ക്ക് സി-ഡിറ്റുമായും, സെർട്ട്- കെ യുമായും ചർച്ച നടത്തി ധാരണയിലെത്തിയിട്ടു ണ്ട്. സോഫ്റ്റ്‌വെയർ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ സ്ഥാപനങ്ങളുമായി കരാർ ഒപ്പിടുന്നതിന് തീരുമാനമെ ടുത്തു |
| (സി) | കേന്ദ്ര ഗവൺമെന്റ് സഹായമായി പ്രസ്തുത പദ്ധതിയ്ക്ക് ലഭിക്കുന്ന തുക എത്ര; സംസ്ഥാനം വകയിരുത്തിയ തുകയിൽ എന്തെങ്കിലും ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര; | (സി) | കേ ന്ദ്രത്തിൽ നിന്ന് ലഭിക്കുന്നത് - 86.6945 കോടി<br>സംസ്ഥാനത്തിൽ നിന്ന് ലഭിക്കുന്നത് 9.4259 കോടി<br>ആകെ 96.1204 കോടി<br>ഇതിൽ കേന്ദ്രം 43.34 കോടി രൂപയും സംസ്ഥാനം 50 ലക്ഷം രൂപയുമാണ് |

| | | | |
|---|---|---|---|
| | | | ഇതുവരെഅനുവദിച്ചത് മൊത്തമായി കൺസോളിഡേറ്റഡ് ഫണ്ട് എന്ന നിലയിലാണ് പദ്ധതി ചെലവ് നടത്തുന്നത്. ജനുവരി 2016 വരെ 5.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം ഏജൻസികളുമായി കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്? | (ഡി) | സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് M/s Hawlett-Packard Enterprises India Pvt. Ltd. (കരാർ ഒപ്പുവച്ചു.)<br>ഫീൽഡ് സർവ്വെ കെൽട്രോണുമായി (കരാർ ഒപ്പു വച്ചിട്ടുണ്ട്.<br>ഹാർഡ്‌വെയർ സപ്ലൈക്ക് കെൽട്രോണുമായി ധാരണ ഉണ്ടാക്കി (കരാർ ഒപ്പു വച്ചിട്ടില്ല.)<br>കേബിൾ കണക്ഷന് ബി.എസ്.എൻ.എൽ മായി ധാരണ ഉണ്ടാക്കി. (കരാർ ഒപ്പു വച്ചിട്ടില്ല )<br>ആക്സപ്റ്റൻസ് ടെസ്റ്റിംഗ്, ആഡിറ്റിംഗ് എന്നിവയ്ക്കായി സി-ഡിറ്റുമായി ധാരണ ഉണ്ടാക്കി. (കരാർ ഒപ്പു വച്ചിട്ടില്ല.) |

സെക്ഷൻ ഓഫീസർ